01
2026
നവംബർ
ഞായർ
തുലാം 15

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391



തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 202 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-202 പേജ് 4. വില 2.00 രൂപ


കേരള സർക്കാർ
ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്

സ്വദ്ഭരണം
സഹാനുഭൂതി
GOOD GOVERNANCE WITH EMPATHY

മാറ്റത്തിന്റെ പുതുയുഗം



ശ്രീ. വി.ഡി. സതീശൻ
ബഹുമാനപ്പെട്ട മുഖ്യമന്ത്രി



രാജ്യത്തിന് അഭിമാനമായി, വികസനത്തിലും സാമൂഹിക മുന്നേറ്റത്തിലും തനതായ മാതൃകകൾ തീർത്ത് ഏഴ് പതിറ്റാണ്ട് പിന്നിടുകയാണ് നമ്മുടെ കേരളം. പുതിയ ആശയങ്ങൾക്കും കാഴ്ചപ്പാടുകൾക്കും ജനപങ്കാളിത്തത്തിനും പ്രാധാന്യം നൽകി, മാറ്റത്തിന്റെ പുതുയുഗം സൃഷ്ടിക്കുവാനുള്ള കൂട്ടായ ശ്രമങ്ങൾക്ക് ഈ കേരളപ്പിറവി ദിനത്തിൽ നാം തുടക്കം കുറിക്കുകയാണ്.

ആഘോഷങ്ങളും ആശയങ്ങളും പ്രവർത്തനങ്ങളും സമന്വയിക്കുന്ന മുന്നോട്ടുള്ള യാത്രയുടെ ആദ്യ ചുവടായി, ഇന്ത്യയിലെ പ്രധാന നഗരങ്ങളിലുടനീളം കേരളത്തിന്റെ കലാ-സാംസ്കാരിക-പാരമ്പര്യവും നിക്ഷേപ സാധ്യതകളും പരിചയപ്പെടുത്തുന്ന '**ഫെസ്റ്റിവൽ ഓഫ് കേരള**'ത്തിന് **ഇന്ന് വൈകുന്നേരം 4 മണിക്ക് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ** തുടക്കം കുറിക്കുകയാണ്.

**പുതിയ വേഗത്തിൽ, പുതിയ കാഴ്ചപ്പാടോടെ,
മാറ്റത്തിന്റെ പുതുയുഗത്തിലേക്ക്
നമുക്ക് ഒന്നിച്ച് ചുവടുവയ്ക്കാം.**

Keralam 70

കേരളം

മാറ്റത്തിന്റെ
പുതുയുഗം

പുതുയുഗത്തിലേക്കുള്ള ചുവടുവയ്പ്പുകളും പ്രവർത്തനങ്ങളും

വയോജന അവകാശ സംരക്ഷണ നിയമവും വകുപ്പും: വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ലോകത്ത് ആദ്യമായി വകുപ്പും നിയമനിർമ്മാണവും.

സരൾ കേരളം: വ്യവസായവും നിക്ഷേപവും സുഗമമാക്കാൻ വേണ്ട നിയമം പാസാക്കി.

സാമൂഹ്യക്ഷേമത്തിന് കരുതൽ: ഉയർന്ന പെൻഷനും ശക്തമായ ക്ഷേമപദ്ധതികളും.

പ്രിയദർശിനി സൗജന്യ യാത്രാപദ്ധതി: സ്ത്രീകൾക്കായി കെ.എസ്.ആർ.ടി.സി. യുടെ സൗജന്യ യാത്ര.

ഓപ്പറേഷൻ തൂഫാൻ: മയക്കുമരുന്ന് ശൃംഖലകളെ തകർക്കുന്നതിനും വിദ്യാർഥികളെയും യുവാക്കളെയും സംരക്ഷിക്കുന്നതിനുമായി ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു.

മിഷൻ സമുദ്ര: തുറമുഖങ്ങളുടെയും സമുദ്ര മേഖലയുടെയും വികസനത്തിന് മാരിടൈം നിയമം ഭേദഗതി ചെയ്തു.

ഏവിയേഷൻ സർവീസസ് ഹബ്ബ്: വിമാനത്താവളങ്ങളും മികച്ച കണക്റ്റിവിറ്റിയും പ്രയോജനപ്പെടുത്തി വ്യോമയാന സേവനങ്ങളുടെ ഹബ്ബാവാൻ കേരളം.

നോളജ് വാലി & റിസർച്ച് പാർക്ക്: ഉന്നതവിദ്യാഭ്യാസം, ഗവേഷണം എന്നിവയുടെ ആഗോള കേന്ദ്രമാകാൻ ഒരുങ്ങി കേരളം.

കായികരംഗത്ത് പരിഷ്കാരങ്ങൾ: കായികതാരങ്ങളുടെ അവകാശം സംരക്ഷിക്കുവാനും ഭരണനിർവ്വഹണം ആധുനികവത്കരിക്കാനുമുള്ള സമഗ്ര പരിഷ്കാരങ്ങൾക്ക് തുടക്കമായി.

ഭരണപരിഷ്കാരങ്ങൾ: നിയമങ്ങളും ചട്ടങ്ങളും ലളിതമാക്കി, ജനജീവിതം സുഗമമാക്കാനുമുള്ള പരിഷ്കാരങ്ങൾക്ക് തുടക്കമായി.

Keralam 70 film

CMO Keralam, Kerala Government
cmokeralam, iprdkerala
CMOKeralam, Kerala Government
PRD Live

stark.in



2027 ലെ സർക്കാർ കലണ്ടർ മുഖ്യമന്ത്രി വി ഡി സതീശൻ പ്രകാശനം ചെയ്യുന്നു.

തെരി സിനിമ കണ്ടിട്ടുണ്ടോ വിജയ് ; മുഖ്യമന്ത്രിയെ വെട്ടിലാക്കി കനിമൊഴിയുടെ ചോദ്യം

ചെന്നൈ: തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയ്ക്കെതിരെ വിമർശനവുമായി ഡിഎംകെ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി കനിമൊഴി. വിജയ് നായകനായ തെരി സിനിമയിലെ രംഗം ഓർമിപ്പിച്ചായിരുന്നു കനിമൊഴിയുടെ പരിഹാസം. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിക്കുന്നുവെന്ന് ആരോപിച്ച് ചെന്നൈയിൽ സംഘടിപ്പിച്ച പ്രതിഷേധ പരിപാടിയിലായിരുന്നു കനിമൊഴിയുടെ പരാമർശം.

സ്ത്രീകളോട് മോശമായി പെരുമാറുന്നവരെ സിനിമയിലെ നായകനെപ്പോലെ പാലത്തിനടിയിൽ തലകീഴായി കെട്ടിത്തൂക്കണം. മുഖ്യമന്ത്രി വിജയ് ഇങ്ങനെ തീരുമാനിക്കുകയാണെങ്കിൽ ആദ്യം ശിക്ഷിക്കപ്പെടേണ്ടത് സ്വന്തം പാർട്ടിയായ തമിഴക വെട്രി കഴകത്തിലെ നേതാക്കളായിരിക്കുമെന്ന് കനിമൊഴി പരിഹസിച്ചു. ഒരു സിനിമയുണ്ട്. ഏത് സിനിമയാണെന്ന് എനിക്കറിയില്ല. വിജയ് അഭിനയിച്ചിരുന്ന കാലത്ത് പുറത്തിറങ്ങിയതാണ്.

അദ്ദേഹത്തിൻറെ അധികം സിനിമകളൊന്നും ഞാൻ കണ്ടിട്ടില്ല. ഇത് ടെലിവിഷനിൽ കണ്ടതാണ് എന്ന ആമുഖത്തോടെയാണ് കനിമൊഴി പ്രസംഗം ആരംഭിച്ചത്. ഒരു സ്ത്രീയോട് മോശമായി പെരുമാറിയയാളെ കണ്ടെത്തി മർദിച്ചശേഷം പാലത്തിനടിയിൽ തലകീഴായി കെട്ടിത്തൂക്കുന്ന രംഗമാണ് സിനിമയിലുള്ളതെന്ന് കനിമൊഴി വിശദീകരിച്ചു. ഇതിനിടെ സദസിൽനിന്ന് പ്രവർത്തകർ സിനിമയുടെ പേര് വിളിച്ചുപറഞ്ഞു.

വിജയ് മുഖ്യമന്ത്രിയായപ്പോൾ സിനിമയിലെ നായകനെപ്പോലെ സ്ത്രീകളോട് അതിക്രമം കാണിക്കുന്നവർക്കെതിരെ നടപടിയെടുക്കുമെന്ന് താൻ കരുതിയിരുന്നുവെന്നും കനിമൊഴി പറഞ്ഞു. തമിഴ്നാട്ടിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിക്കുന്നുവെന്ന ആരോപിച്ചാണ് ഡിഎംകെ പ്രതിഷേധം സംഘടിപ്പിച്ചത്.

ഭവന നിർമ്മാണ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിത കുടുംബങ്ങൾക്കും വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്കും സ്വന്തമായി സുരക്ഷിതവും വാസയോഗ്യവുമായ ഭവനം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന തനത് ഭവന പദ്ധതിയിലേക്ക് അർഹരായ ഭവനരഹിത കുടുംബങ്ങളിൽ നിന്നും പട്ടികജാതി വികസന വകുപ്പ് അപേക്ഷ ക്ഷണിച്ചു.അപേക്ഷകരുടെ കുടുംബത്തിന്റെ വാർഷിക വരുമാന പരിധി മൂന്നുലക്ഷം രൂപയായിരിക്കണം. പട്ടികജാതി ഭവനപദ്ധതിയിൽ ഗ്രാമപരിധിയിൽ കുറഞ്ഞത് രണ്ട് സെന്റും നഗരപരിധിയിൽ കുറഞ്ഞത് ഒന്നര സെന്റും ഭൂമിയുള്ളവർക്ക് അപേക്ഷിക്കാം. നിർമിക്കുന്ന ഭവനത്തിന് 500 ചതുരശ്ര അടി വിസ്തീർണമുണ്ടായിരിക്കണം. അപേക്ഷകർ 70 വയസ്സിന് താഴെ പ്രായമുള്ളവർ ആയിരിക്കണം.

വിധവകൾ കുടുംബനാഥയായുള്ള കുടുംബങ്ങൾക്കും മാരക രോഗം ബാധിച്ച കുടുംബാംഗങ്ങളുളളവർക്കും മുൻഗണന നൽകും. പ്രത്യേക ശ്രദ്ധ അർഹിക്കുന്ന വിഭാഗങ്ങൾക്കും മുന്തിയ പരിഗണന ഉണ്ടാകും. 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ വനിതകളെയും പരിഗണിക്കും. 50,000 രൂപ വരെ വാർഷിക വരുമാനം ഉള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകും. പട്ടികവർഗ ഭവനപദ്ധതിയിൽ ഒരു ലക്ഷം വരെ വാർഷിക വരുമാനമുള്ളവർക്കും രണ്ടിലധികം വിദ്യാർഥികളുള്ള കുടുംബത്തിന് മുൻഗണന നൽകും. നവംബർ 16 വരെ അപേക്ഷിക്കാം. വിവരങ്ങൾക്ക്: 0471-2315375, cposcdd@gmail.com.

കൊടുംക്രൂരത ചെയ്യുന്നവർക്ക് കുട്ടിയെന്ന പരിഗണന പാടില്ല; ജയബാലകൃഷ്ണൻറെ കുടുംബത്തിനൊപ്പമെന്ന് പിണറായി വിജയൻ

കൊച്ചി: ചേരാനല്ലൂർ വാഹനാപകടത്തിൽ മരിച്ച ജയബാലകൃഷ്ണൻറെ കുടുംബത്തെ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ സന്ദർശിച്ചു. കേസിലെ നടപടിക്രമങ്ങളിൽ മെല്ലെപ്പോക്കാണെന്നും കൊടും ക്രൂരകൃത്യങ്ങൾ ചെയ്യുന്നവർക്ക് കുട്ടിയെന്ന പരിഗണ കൊടുക്കാൻ പാടില്ലെന്നും പിണറായി വിജയൻ പറഞ്ഞു. അതീവ ദുഃഖകരമായ സംഭവമാണ് ഉണ്ടായത്.

തങ്ങൾക്ക് നീതി കിട്ടുന്നില്ലെന്ന തോന്നലാണ് ഈ കുടുംബത്തിന് തുടക്കം മുതലേ ഉണ്ടായത്. അതിൻറെ ഭാഗമായി ചില പ്രത്യക്ഷ നടപടികൾ അവർക്ക് ചിത എരിയുന്നതിന് മുമ്പ് തന്നെ സ്വീകരിക്കേണ്ടി വന്നു. ഇക്കാര്യം സഭവയിൽ ഉന്നയിച്ചപ്പോൾ സർക്കാറിൻറെ ഭാഗത്ത് നിന്നും കൃത്യമായി പ്രതികരണം ഉണ്ടായി. കുറ്റവാളിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കും അർഹമായ ശിക്ഷ ഉറപ്പാക്കും, വീഴ്ചയുണ്ടാകില്ലെന്ന് പറഞ്ഞു. പക്ഷെ പിന്നീട് നടപടികൾ ആ നിലയ്ക്കല്ല ഉണ്ടായത്.

മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയുമൊക്കെ കണ്ടെങ്കിലും നടപടിക്രമങ്ങൾ വേണ്ടത്ര ജാഗ്രതയോടെ നീങ്ങുന്നില്ലയെന്ന തോന്നലാണ്.

അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയിൽ മൊബൈൽ ഫോൺ ടെക്നോളജി ആൻഡ് നെറ്റ്വർക്കിങ്, സി.സി.ടി.വി. ആൻഡ് നെറ്റ്വർക്കിങ് (മൂന്ന് മാസം), ഡിപ്ലോമ ഇൻ മൊബൈൽ ഫോൺ ടെക്നോളജി സി.സി.ടി.വി ആൻഡ് നെറ്റ്വർക്കിങ് (ആറ് മാസം), ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഇംഗ്ലീഷ് & മലയാളം) നവംബർ 12 വരെ www.lbscentre.kerala.gov.in മുഖേന അപേക്ഷിക്കാം. ഫോൺ: 0471-2560333/ 9995005055.

സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ്

കേരള സർവകലാശാലയുടെ തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാഞ്ഞിരംകുളം ഗവ. കെ. എൻ. എം. ആർട്സ് ആന്റ് സയൻസ് കോളേജിൽ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. പ്രായപരിധി ഇല്ല. അപേക്ഷാ ഫോം ഗവ. കെ. എൻ. എം. ആർട്സ് ആന്റ് സയൻസ് കോളേജ് ഓഫീസിൽ നിന്നും ലഭിക്കും. അപേക്ഷകൾ നവംബർ 30 വരെ സ്വീകരിക്കും. ഫോൺ: 9947115190.

ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ്

2026-27 അധ്യയന വർഷത്തെ ബി.എസ്സി നഴ്സിംഗ് കോഴ്സിന് മാത്രം പ്രവേശനത്തിനുള്ള ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് നവംബർ നാലിന് നടത്തും. ംംം.ഹയരെലിയേല.സല്യമഹമ.ഴീ.ശി ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ നവംബർ 2 മുതൽ നവംബർ 3 വരെ ഓൺലൈനായി പുതിയ കോളേജ് ഓപ്ഷനുകൾ സമർപ്പിക്കണം. പുതുതായി അംഗീകാരം ലഭിച്ച കോളേജുകൾക്കും ഓപ്ഷൻ സമർപ്പിക്കാം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കില്ല. അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീസ് ഒടുക്കി അതത് കോളേജുകളിൽ നവംബർ ആറിനകം പ്രവേശനം നേടണം. മുൻ അലോട്ട്മെന്റുകൾ വഴി പ്രവേശനം നേടിയവർക്ക് ഈ അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിന് പുതിയ തീയതിയിലുള്ള നിരാക്ഷേപപത്രം ആവശ്യമാണ്. വിവരങ്ങൾക്ക്: 0471-2560361, 362, 363, 364.

വോട്ടവകാശം സംരക്ഷിക്കാൻ പോരാട്ടം; ഗ്യാനേഷിനെതിരെ പ്രതീകാത്മക ഇംപീച്ച്മെൻറ് പ്രമേയം അവതരിപ്പിച്ചു

ന്യൂഡൽഹി: മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരെ ഇന്ത്യാ മുന്നണിയുടെ പ്രതീകാത്മക ഇംപീച്ച്മെൻറ്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ ഡൽഹിയിലെ ഔദ്യോഗിക വസതിയിൽ നടന്ന പരിപാടിയിൽ ഗ്യാനേഷ് കുമാറിനെ പുറത്താക്കണമെന്ന പ്രമേയം ഖാർഗെ അവതരിപ്പിച്ചു. മുൻ ലോക്സഭാ സ്പീക്കർ മീരാ കുമാർ നടപടികൾക്ക് അധ്യക്ഷത വഹിച്ചു.

വോട്ടർപട്ടിക പരിഷ്കരണത്തിലെ ക്രമക്കേടുകൾ ഉൾപ്പെടെ ഗുരുതര ആരോപണങ്ങൾ ഉന്നയിച്ചാണ് ഇന്ത്യാ മുന്നണിയുടെ നീക്കം. വോട്ടവകാശം രാജ്യത്ത് ഗുരുതരമായ ഭീഷണി നേരിടുകയാണ്. ഭരണഘടനാ സ്ഥാപനങ്ങളുടെ അന്തസ് സംരക്ഷിക്കാനാണ് ഈ നടപടിയെന്നും ഖാർഗെ പറഞ്ഞു. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറോട് വ്യക്തിപരമായ ശത്രുതയില്ലെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ നിഷ്പക്ഷമായി പ്രവർത്തിക്കണമെന്നാണ് പ്രതിപക്ഷത്തിൻറെ ആവശ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ആഭ്യന്തരമന്ത്രി അമിത് ഷായുടെയും നിർദേശപ്രകാരമാണ് ഗ്യാനേഷ് കുമാർ തെരഞ്ഞെടുപ്പ് കമ്മീഷനെ നയിക്കുന്നതെന്നും ഖാർഗെ ആരോപിച്ചു. അദ്ദേഹത്തിനെതിരെ ആറ് പ്രധാന ആരോപണങ്ങളാണ് ഖാർഗെ ഉന്നയിച്ചത്. തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ഗൂഢാലോചന നടത്തിയെന്നും 13.2 കോടി വോട്ടർമാരുടെ വോട്ടവകാശം ഇല്ലാതാക്കിയെന്നും ഖാർഗെ ആരോപിച്ചു. പാർലമെൻറിൻറെ അനുമതിയില്ലാതെ ഫോം 6ൽ മാറ്റങ്ങൾ വരുത്തി. ഇസിഐനെറ്റ് മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് വോട്ടർപട്ടികയിൽ ഇടപെടൽ നടത്തിയെന്നും ആരോപണങ്ങളുണ്ട്. പുതിയ ആളുകളെ വോട്ടർപട്ടികയിൽ ചേർക്കുന്നതിനും യഥാർഥ വോട്ടർമാരെ വോട്ടുചെയ്യുന്നതിൽനിന്ന് തടയുന്നതിനും ശ്രമം നടന്നുവെന്നും അദ്ദേഹം കുറ്റപ്പെടുത്തി. തെരഞ്ഞെടുപ്പ് കമ്മീഷനിലെ മൂന്ന് കമ്മീഷണർമാർക്കും തുല്യ അധികാരമുണ്ടെന്നിരിക്കെ മറ്റ് രണ്ട് കമ്മീഷണർമാരുടെ അഭിപ്രായങ്ങൾ ഗ്യാനേഷ് കുമാർ അവഗണിച്ചുവെന്നും ഖാർഗെ ആരോപിച്ചു. ജനാധിപത്യത്തിൻറെ ആത്മാവിനേറ്റ പ്രഹരമാണ് തെരഞ്ഞെടുപ്പ് കമ്മീഷൻറെ നടപടികളെന്ന് മീരാ കുമാർ പറഞ്ഞു. ലോക്സഭാ നടപടികൾക്ക് സമാനമായ രീതിയിലാണ് പ്രതീകാത്മക ഇംപീച്ച്മെൻറ് നടപടികൾ സംഘടിപ്പിച്ചത്. സോണിയാഗാന്ധി, രാഹുൽ ഗാന്ധി, കെ. സി. വേണുഗോപാൽ, കപിൽ സിബൽ തുടങ്ങിയ പ്രമുഖരും സിവിൽ സൊസൈറ്റി പ്രതിനിധികളും വോട്ടർപട്ടികയിൽനിന്ന് പേരൊഴിവാക്കപ്പെട്ടവരും ചടങ്ങിൽ പങ്കെടുത്തു.

കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് വിതരണം 12ന്

2019-20 സാമ്പത്തിക വർഷത്തിൽ വിവിധ കായികയിനങ്ങളിൽ പങ്കെടുത്ത് മെഡൽ നേടിയ കായികതാരങ്ങൾക്കുള്ള ക്യാഷ് അവാർഡ് വിതരണം സെക്രട്ടറിയേറ്റ് ദർബാർ ഹാളിൽ നവംബർ 12 രാവിലെ 11 ന് കായിക വകുപ്പ് മന്ത്രി ഒ ജെ ജനീഷ് നിർവഹിക്കും. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

2019-20 വർഷത്തിൽ മെഡൽ നേടിയ കായികതാരങ്ങൾ ഒറിജിനൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവയുമായി നവംബർ അഞ്ചിനകം വെരിഫിക്കേഷൻ പൂർത്തിയാക്കണം. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തുവാനുള്ള സൗകര്യം എല്ലാ ജില്ലാ സ്പോർട്സ് കൗൺസിലുകളിലും ആരംഭിച്ചു. കായികതാരങ്ങളുടെ സൗകര്യാർഥം ഏത് ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ നിന്നും വെരിഫിക്കേഷൻ നടത്താം. വിവരങ്ങൾക്ക്: 0471-2331546, 0471-2330167.

പഞ്ചാബ് നിയമസഭാ തെരഞ്ഞെടുപ്പ്: എഎപി ആദ്യ പട്ടിക പുറത്തിറക്കി

ചണ്ഡിഗഡ്: പഞ്ചാബ് നിയമസഭാ തെരഞ്ഞെടുപ്പിനുള്ള ആദ്യഘട്ട സ്ഥാനാർഥി പട്ടിക ആം ആദ്മി പാർട്ടി (എഎപി) പുറത്തിറക്കി. നിലവിലെ എംഎൽഎമാരായ 40 പേരാണ് പട്ടികയിലുള്ളത്. മുഖ്യമന്ത്രി ഭഗവന്ത് മൻ ധുരി മണ്ഡലത്തിൽനിന്ന് വീണ്ടും ജനവിധി തേടും.

ജയിലിൽ കഴിയുന്ന എംഎൽഎ സഞ്ജീവ് അറോറ ലുധിയാന വെസ്റ്റിൽനിന്നും മത്സരിക്കും. 117 അംഗ നിയമസഭയിൽ ഇനി 77 സീറ്റുകളിലെ സ്ഥാനാർഥികളെയാണ് പ്രഖ്യാപിക്കാനുള്ളത്. തെരഞ്ഞെടുപ്പിന് നാല് മാസം മുൻപ് തന്നെ സ്ഥാനാർഥി നിർണയം പൂർത്തിയാക്കിക്കൊണ്ടാണ് എഎപി മുന്നോട്ട് പോകുന്നത്.

എൻ.സി.സിയിൽ ഓപ്പൺ ക്വോട്ട പ്രവേശനം

തിരുവനന്തപുരം വർക്കലയിലുള്ള 1 കേരള ബറ്റാലിയൻ എൻ.സി.സി. ഒന്നാം വർഷ ബിരുദ/പ്ലസ് വൺ/പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നതുമായ കേഡറ്റുകളുടെ ഒഴിവുകളിലേക്ക് ഓപ്പൺ ക്വോട്ട പ്രവേശനം വഴി പങ്കെടുക്കുവാൻ താത്പര്യമുള്ള വിദ്യാർഥികൾ, സീനിയർ ഡിവിഷൻ (ആൺകുട്ടികൾ), സീനിയർ വിങ് (പെൺകുട്ടികൾ) ഗവൺമെന്റ് ആർട്സ് കോളേജ് പരേഡ് ഗ്രൗണ്ടിൽ നവംബർ നാല് രാവിലെ എട്ടിന് ഹാജരാകണം. 15 വയസ്സ് പൂർത്തിയായ, ശാരീരികക്ഷമതയുള്ള വിദ്യാർഥികൾ ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും എൻ.സി.സി സർട്ടിഫിക്കറ്റുണ്ടെകിൽ അസ്സലും, പകർപ്പും ഉൾപ്പെടെ ഹാജരാക്കണം. കൂടുതൽ വിവരങ്ങൾക്ക്:: 0470 2602280.

ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് 30,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിലേക്ക് പട്ടികജാതി വികസന വകുപ്പ് അപേക്ഷ ക്ഷണിച്ചു. 2026-27 അധ്യയനവർഷം തിരഞ്ഞെടുക്കപ്പെട്ട കോഴ്സുകളിൽ ഒന്നാം വർഷം പഠിക്കുന്ന, ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർഥികൾക്കാണ് ആനുകൂല്യം. കുടുംബ വാർഷിക വരുമാനം അഞ്ചു ലക്ഷം രൂപയിൽ താഴെയായിരിക്കണം. മറ്റ് സർക്കാർ ഏജൻസികളിൽനിന്ന് ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം ലഭിച്ചവരാകരുത്. അർഹരായ വിദ്യാർഥികൾ സ്ഥാപനമേധാവി മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. മാർച്ച് 31 വരെ ഇ-ഗ്രാന്റ്സ് പോർട്ടൽ വഴി അപേക്ഷിക്കാം. വിവരങ്ങൾക്ക്: 0471- 2737100, www.scdd.kerala.gov.in.

നോട്ടിഫിക്കേഷൻ റദ്ദാക്കി

നാഷണൽ ആയുഷ് മിഷൻ തിരുവനന്തപുരം ജില്ലയിലെ ആയുഷ് ഹെൽത്ത് & വെൽനസ്സ് സെന്ററുകളിൽ ഒഴിവുള്ള മൾട്ടി പർപ്പസ്സ് ഹെൽത്ത് വർക്കർ തസ്തികയിലേക്ക് ക്ഷണിച്ചിരുന്ന നോട്ടിഫിക്കേഷൻ സാങ്കേതിക കാരണങ്ങളാൽ റദ്ദാക്കി.



കൃഷി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന കതിര് കാർഷിക ക്ലബ്ബ് പദ്ധതിയുടെ ലോഗോ മുഖ്യമന്ത്രി വി ഡി സതീശൻ പ്രകാശനം ചെയ്യുന്നു. മന്ത്രിമാരായ ടി സിദ്ദിഖ്, പി കെ കുഞ്ഞാലിക്കുട്ടി, എൻ ഷംസുദ്ദീൻ എന്നിവർ സമീപം.

ഫയൽ അദാലത്ത്

സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് തിരുവനന്തപുരം ജില്ലയിൽ നിന്നും ലഭിച്ച പരാതികളിന്മേൽ തീർപ്പ് കല്പിക്കുന്നതിനായി തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് റസ്റ്റ്ഹൗസിൽ നവംബർ 6, 7 തീയതികളിൽ രാവിലെ 10 മുതൽ വൈകിട്ട് നാല് വരെ ഫയൽ അദാലത്ത് നടത്തും.

അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ സേഫ്റ്റി എഞ്ചിനീയറിങ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററിൽ (എസ്.ഡി സെന്റർ) ആരംഭിക്കുന്ന ഒരു വർഷ (രണ്ട് സെമസ്റ്റർ) അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ സേഫ്റ്റി എഞ്ചിനീയറിങ് (സായാഹ്ന കോഴ്സ്, പാർട്ട് ടൈം ബാച്ച്) നു അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 12 വരെ നീട്ടി. അപേക്ഷ ഫോമും പ്രോസ്പെക്ടസും സൂപ്പർവൈസറി ഡെവലപ്മെന്റ് സെന്ററിൽ നിന്നും ലഭിക്കും. അപേക്ഷ ഫീസ് : 500 രൂപ. എഞ്ചിനീയറിങ് ഡിഗ്രി, ഡിപ്ലോമ, ബി.എസ്.സി (ഫിസിക്സ്, കെമിസ്ട്രി) കോഴ്സുകൾ പാസായവർക്ക് അപേക്ഷിക്കാം. തൊഴിൽ പരിചയമുള്ളവർക്ക് മുൻഗണന. വിവരങ്ങൾക്ക്: 9349892240, 0484-2556530.

ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്

തിരുവനന്തപുരം ചാല സർക്കാർ ഐടിഐയിൽ മൾട്ടിമീഡിയ ആനിമേഷൻ ആൻഡ് സ്പെഷ്യൽ എഫക്ട്സ് ട്രേഡിൽ ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവുകളിലേക്ക് (താത്കാലികം) ഓപ്പൺ കാറ്റഗറിയിൽ നിന്നും അഭിമുഖത്തിന് അപേക്ഷ ക്ഷണിച്ചു. മൾട്ടിമീഡിയ ആനിമേഷൻ സ്പെഷ്യൽ ഇഫക്ട്സിൽ ബിവോക് / ബിരുദം / രണ്ട് വർഷ ഡിപ്ലോമ / അഡ്വാൻസ്ഡ് ഡിപ്ലോമ (വൊക്കേഷണൽ) / ബന്ധപ്പെട്ട ട്രേഡിൽ എൻടിസി / എൻഎസിയും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും ഉള്ളവർ നവംബർ നാല് രാവിലെ 11 ന് അസ്സൽ സർട്ടിഫിക്കറ്റുമായി ഹാജരാകണം. ഫോൺ 0471 2459255.

നിയമസഭാ സാഹിത്യോത്സവം : സ്റ്റാളുകൾക്കുള്ള രജിസ്ട്രേഷൻ

2027 ജനുവരി ഏഴ് മുതൽ 13 വരെ തിരുവനന്തപുരത്ത് നിയമസഭാ കോംപ്ലക്സിൽ സംഘടിപ്പിക്കുന്ന കേരളനിയമസഭ അന്താരാഷ്ട്ര സാഹിത്യോത്സവം അഞ്ചാം പതിപ്പിന്റെ സ്റ്റാളുകൾക്കായുള്ള രജിസ്ട്രേഷൻ നവംബർ ഒന്ന് മുതൽ klilf.niyamasabha.org പോർട്ടലിൽ ആരംഭിക്കും.

01
2026
നവംബർ
ഞായർ
തുലാം 15

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 202 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-202 പേജ് 4. വില 2.00 രൂപ



വിഴിഞ്ഞം തുറമുഖത്ത് ആദ്യ ഇറക്കുമതി കണ്ടെയ്നർ എത്തി



വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തേക്ക് ആദ്യ ഇറക്കുമതി കണ്ടെയ്നർ കപ്പലെത്തി.

ആദ്യ ഇറക്കുമതി കണ്ടെയ്നറിന്റെ ഫ്ലാഗ് ഓഫ് കഴിഞ്ഞദിവസം (ഒക്ടോബർ 31) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ജെറോമിക് ജോർജ് നിർവഹിച്ചു.

ചൈനയിലെ നിങ്ബോയിൽ നിന്ന് ബുക്ക് ചെയ്ത കണ്ടെയ്നർ എം.എസ്.സി സബ്രീന കകക കപ്പലിലാണ് വിഴിഞ്ഞത്തെത്തിയത്. തിരുവനന്തപുരത്തെ ആൾടെയർ ഗ്രൂപ്പിനുവേണ്ടി നഗരത്തിലെ സ്റ്റാർട്ടപ്പായ ബി.എസ്.ജി ലോജിസ്റ്റിക്സ് ആൻഡ് ഷിപ്പ് ചാൻഡ്ലേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് കണ്ടെയ്നർ ബുക്ക് ചെയ്തത്. പരമ്പരാഗത പ്ലൈവുഡിന് പകരം നിർമ്മാണ മേഖലയിൽ ഉപയോഗിക്കുന്ന എൻജിനീയേർഡ് ബിൽഡിങ് ബോർഡുകളാണ് കണ്ടെയ്നറിലുള്ളത്.

ഇറക്കുമതി സൗകര്യം ആരംഭിക്കുന്നതോടെ ചരക്കുകൾ വിഴിഞ്ഞത്ത് നേരിട്ട് ഇറക്കി കസ്റ്റംസ് നടപടികൾ പൂർത്തിയാക്കി കേരളത്തിലെ വിപണികളിലെത്തിക്കാനാകും. ഇതുവഴി മറ്റ് തുറമുഖങ്ങളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യവും ചരക്കുനീക്കത്തിനുള്ള സമയവും ചെലവും കുറയും.

ചരക്ക് കൈകാര്യം ചെയ്യൽ, ലോജിസ്റ്റിക്സ് തുടങ്ങിയ മേഖലകളിലെ വരുമാനം സംസ്ഥാനത്ത് നിലനിർത്താനും സാധിക്കും.

കസ്റ്റംസ് ബ്രോക്കർമാർ, ഫ്രൈറ്റ് ഫോർവേഡർമാർ, ട്രാൻസ്പോർട്ടർമാർ, വെയർഹൗസ് നടത്തിപ്പുകാർ, തുറമുഖ തൊഴിലാളികൾ തുടങ്ങിയ മേഖലകളിൽ തിരുവനന്തപുരത്തും തെക്കൻ ജില്ലകളിലും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പുതിയ സൗകര്യം വഴിയൊരുക്കും.

ട്രാൻസ്ഷിപ്പ്മെന്റ് പ്രവർത്തനങ്ങൾക്കപ്പുറം കേരളത്തിലെ ഇറക്കുമതിക്കാർക്ക് നേരിട്ട് സേവനം നൽകുന്ന തുറമുഖമെന്ന നിലയിലേക്കുള്ള സുപ്രധാന ചുവടുവയ്പ്പാണിത്.

പിഎസ്സി പരീക്ഷത്തട്ടിപ്പ്: ചെയർമാനും അംഗങ്ങളും നടത്തിയ കൂടുതൽ ക്രമക്കേടുകൾ വെളിപ്പെടുത്തി സെക്രട്ടറി

തിരുവനന്തപുരം: പിഎസ്സി ചെയർമാനും അംഗങ്ങളും നടത്തിയ പരീക്ഷാത്തട്ടിപ്പിൻറെ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തി സെക്രട്ടറിയുടെ മൊഴി.

ചെയർമാനും അംഗങ്ങളും ചില മുതിർന്ന ഉദ്യോഗസ്ഥരും അടങ്ങിയ ലോബി നടത്തിയ പിഎസ്സി പരീക്ഷാ തട്ടിപ്പുകളുടെ കൂടുതൽ രേഖകളും പിഎസ്സി സെക്രട്ടറി സാജു ജോർജ് പ്രത്യേക അന്വേഷണ സംഘത്തിനു കൈമാറിയതായാണു വിവരം.

ഇന്നലെ എസ്ഐടി എസ്പിയുടെ നേതൃത്വത്തിൽ പിഎസ്സി സെക്രട്ടറി സാജു ജോർജിനെയാണ് മൂന്നു മണിക്കൂറിലേറെ ചോദ്യം ചെയ്തു. ചെയർമാനും അംഗങ്ങളും നടത്തിയ തട്ടിപ്പിൻറെ വിവരങ്ങൾ വിശദമായി വെളിപ്പെടുത്തിയ സെക്രട്ടറി ക്രമക്കേടുകളുമായി കൂടുതൽ രേഖകളും എസ്ഐടിക്കു കൈമാറി.

അന്വേഷണവുമായി പൂർണമായി സഹകരിക്കുമെന്ന് ഉറപ്പു നൽകി. സെക്രട്ടറിയെ വീണ്ടും ചോദ്യം ചെയ്യാൻ ക്രൈംബ്രാഞ്ച് സംഘം വിളിപ്പിക്കുമെന്നാണു വിവരം.

പരീക്ഷാ തട്ടിപ്പു കേസിൽ പെടുത്താൻ ശ്രമിക്കുന്നുയെന്ന ആരോപണത്തിൽ പ്രതികരിക്കുന്നില്ലെന്നും ചോദ്യം ചെയ്യലിനു ശേഷം സെക്രട്ടറി മാധ്യമങ്ങളോടു പറഞ്ഞു. പിഎസ്സിയിൽ നിന്ന് ക്രൈംബ്രാഞ്ചിന് ആവശ്യമായ രേഖകൾ കൈമാറാൻ രൂപീകരിച്ച സ്പെഷൽ സെല്ലിൻറെ തലവനായിരുന്നു സെക്രട്ടറി.

അദ്ദേഹത്തിന് തട്ടിപ്പിൽ പങ്കില്ലെന്നാണ് എസ്ഐടി യുടെ നിഗമനം. പിഎസ്സി പരീക്ഷാ കൺട്രോളർ ബിനി കെ.ഏബ്രഹാമിനെ ചൊവ്വാഴ്ച ചോദ്യംചെയ്യും. പരീക്ഷാ വിഭാഗത്തിലെ ഏതാനും ഉദ്യോഗസ്ഥരെ തിങ്കളാഴ്ച ചോദ്യംചെയ്യും.

പബ്ലിക് സർവിസ് കമ്മിഷനിലെ 12 അംഗങ്ങളോട് ചോദ്യംചെയ്യലിന് ഹാജരാകാൻ നോട്ടീസ് നൽകിയിട്ടുണ്ട്. കേസിൽ കൂടുതൽ പ്രതികളുണ്ടാകുമെന്നാണ് സൂചന. അതിനിടെ, വെള്ളിയാഴ്ച അറസ്റ്റിലായ അഡീഷണൽ സെക്രട്ടറി ആർ.ഹരിയെ 13വരെ വിജിലൻസ് കോടതി റിമാൻഡ് ചെയ്തു. ആരെയും ബോധപൂർവം സഹായിച്ചിട്ടില്ലെന്നും സാങ്കേതികമായ പിഴവു മാത്രമാണ് ഉണ്ടായതെന്നുമാണ് ഹരി മൊഴി നൽകിയത്.

കേരളത്തിന് 988.75 കോടിയുടെ നോഡ് വികസന സഹായം; 39 പദ്ധതികൾക്ക് കേന്ദ്രാനുമതി: മന്ത്രി പി.കെ. ബഷീർ

കോഴിക്കോട്: സംസ്ഥാനത്തെ 39 റോഡ് വികസന പദ്ധതികൾക്ക് 988.75 കോടി രൂപയുടെ കേന്ദ്രാനുമതി ലഭിച്ചതായി പൊതുമരാമത്ത് മന്ത്രി പി.കെ. ബഷീർ അറിയിച്ചു. സെൻട്രൽ റോഡ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സിആർഐഎഫ്) പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത-ഹൈവേ മന്ത്രാലയമാണ് അനുമതി നൽകിയത്. ഇതിലൂടെ സംസ്ഥാനത്തെ 486.33 കിലോമീറ്റർ റോഡുകൾ വികസിപ്പിക്കാനാകും. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഇത് വലിയ കരുത്താകുമെന്ന് മന്ത്രി പറഞ്ഞു.

കേന്ദ്ര റോഡ് ഗതാഗത-ഹൈവേ മന്ത്രി നിതിൻ ഗഡ്കരിയുമായി പൊതുമരാമത്ത് മന്ത്രി ഇതുസംബന്ധിച്ച് നേരത്തെ ചർച്ചകൾ നടത്തിയിരുന്നു. സംസ്ഥാനത്തിൻറെ വികസന ആവശ്യങ്ങൾ കൃത്യമായി അവതരിപ്പിച്ച് അനുകൂല തീരുമാനം നേടിയെടുക്കാനായത് നേട്ടമാണെന്നും മന്ത്രി പറഞ്ഞു.

പദ്ധതിയിൽ മേജർ ഡിസ്ട്രിക്ട് റോഡുകൾ, ഓർഡിനറി ഡിസ്ട്രിക്ട് റോഡുകൾ, കോർപ്പറേഷൻ റോഡുകൾ എന്നിവ ഉൾപ്പെടുന്നു. എല്ലാ ജില്ലകളിലെയും തിരഞ്ഞെടുത്ത റോഡുകളുടെ നവീകരണവും വികസനവുമാണ് ലക്ഷ്യമിടുന്നത്.

എക്കാലവും രക്ഷപ്പെടാമെന്ന മോഹം വേണ്ട; ഗ്യാനേഷ് കുമാറിന് മുന്നറിയിപ്പുമായി രാഹുൽ ഗാന്ധി

ന്യൂഡൽഹി: മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെതിരെ ആഞ്ഞടിച്ച് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. ഇന്ത്യാ മുന്നണിയുടെ നേതൃത്വത്തിൽ നടത്തിയ പ്രതീകാത്മക ഇംപീച്ച്മെൻറ് നടപടിയിലാണ് രാഹുൽ കടുത്തവിമർശനം ഉന്നയിച്ചത്. ഗ്യാനേഷ് കുമാർ സ്ഥാനത്തുനിന്ന് മാറാതെ മറ്റു വഴികളില്ലെന്നും തെളിവുകൾ പുറത്തുവരുന്നതോടെ അദ്ദേഹത്തിന് രാജിവെക്കേണ്ടിവരുമെന്നും രാഹുൽ പറഞ്ഞു.

എക്കാലവും തെരഞ്ഞെടുപ്പ് കമ്മീഷൻറെ മറവിൽ കഴിയാമെന്ന് കരുതേണ്ട. ഇന്നല്ലെങ്കിൽ നാളെ ജനങ്ങളെ നേരിടേണ്ടിവരുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. മറ്റ് എല്ലാ വഴികളും അടഞ്ഞ സാഹചര്യത്തിലാണ് ഗ്യാനേഷ് കുമാറിനെതിരെ ഒന്നടങ്കം പ്രതിപക്ഷം ഒന്നിച്ചെത്തിയത്. മോദിയെയും അമിത് ഷായെയും രാഷ്ട്രീയമായി നേരിടാൻ പ്രതിപക്ഷത്തിന് അറിയാം. എന്നാൽ അവരുടെ ആയുധമായി തെരഞ്ഞെടുപ്പ് കമ്മീഷന് എക്കാലവും തുടരാനാവില്ലെന്നും രാഹുൽ തുറന്നടിച്ചു.

ഭരണഘടന സംരക്ഷിക്കാനുള്ള പരിശുദ്ധ പോരാട്ടമാണിതെന്നും അദ്ദേഹം പറഞ്ഞു. തെരഞ്ഞെടുപ്പുകൾ അട്ടിമറിച്ചാലും ഭരണഘടനാ സ്ഥാപനങ്ങളെ കൈവശപ്പെടുത്തിയാലും ജനങ്ങളുടെ ശബ്ദം കേൾക്കേണ്ടിവരും. ഇന്ത്യയുടെ ആത്മാവിനെയാണ് ആക്രമിക്കുന്നതെന്നും അട്ടിമറിക്ക് കൂട്ടുനിന്നവരുടെ നാശത്തിനായാണ് ഈ രാഷ്ട്രീയ കൂട്ടായ്മയെന്നും അദ്ദേഹം ആരോപിച്ചു.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ വസതിയിൽ ചേർന്ന യോഗത്തിൽ 250 എംപിമാരാണ് ഗ്യാനേഷ് കുമാറിനെതിരായ നീക്കത്തിൽ പങ്കുചേർന്നത്. ഗ്യാനേഷ് കുമാർ നിയമപരമായ വിചാരണ നേരിടണമെന്ന ആവശ്യവുമായി പ്രതിപക്ഷം അവതരിപ്പിച്ച പ്രമേയം വോട്ടെടുപ്പിലൂടെ പാസാക്കി.

കിഫ്ബി തട്ടിപ്പിൽ സഹകരണ സംഘങ്ങൾക്കും പങ്ക്

തിരുവനന്തപുരം: കിഫ്ബിയുടെ മറവിൽ നടന്ന ഭൂമി തട്ടിപ്പിൽ കണ്ണൂരിലെ അഞ്ചു സഹകരണസംഘങ്ങൾക്കു പങ്കെന്നു സൂചന. സഹകരണ ബാങ്കുകളും കർഷകരുടെ പേരിലുള്ള സഹകരണ സംഘങ്ങളും ഉൾപ്പടെയുള്ള സ്ഥാപനങ്ങൾ വഴിയും ഭൂമി ഇടപാടും വിലനിർണയ തട്ടിപ്പും നടന്നിട്ടുണ്ടെന്നാണ് കണ്ടെത്തൽ. ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ ഫയലുകളും വിജിലൻസ് അന്വേഷണസംഘത്തിനു കൈമാറും.

1030 ഏക്കർ ഭൂമി ഏറ്റെടുത്ത കണ്ണൂരിലെ പ്രദേശങ്ങളിൽ ഇതിന് ആറു മാസം മുൻപ് ചില സഹകരണ ബാങ്കുകളും സംഘങ്ങളും ഇവയുടെ ശാഖകളും വഴി വ്യാപകമായി ഭൂമി വാങ്ങിക്കൂട്ടി. ഭൂമിയുടെ ന്യായവില ഉയർത്താനായിരുന്നു സഹകരണ സംഘങ്ങളുടെ റിയൽ എസ്റ്റേറ്റ് പരിപാടി നടന്നത്. സെൻറിന് 50,000 രൂപ പോലും വിലയില്ലാതിരുന്ന പ്രദേശങ്ങളിൽ 2.5 ലക്ഷം രൂപ നിരക്കിലായിരുന്നു ഭൂമി ഇടപാട്.

എക്സൈസ് ഉദ്യോഗസ്ഥർ അനുവദിച്ച ബാർ ലൈസൻസ് റദ്ദാക്കാൻ നിയമോപദേശം തേടി സർക്കാർ

തിരുവനന്തപുരം: സംസ്ഥാനത്തെ മൂന്നു ബിയർ പാർലറുകളെ ബാറുകളാക്കി പരിവർത്തനപ്പെടുത്തി ലൈസൻസ് അനുവദിച്ച ഡെപ്യൂട്ടി കമ്മിഷണർമാരുടെ നടപടി റദ്ദാക്കാൻ നിയമോപദേശം തേടി സർക്കാർ.

യുഡിഎഫ് സർക്കാരിൻറെ മദ്യനയം പ്രഖ്യാപിക്കും മുൻപ് ബാർ ലൈസൻസ് അനുവദിക്കരുതെന്ന സർക്കാർ നിർദേശം നിലനിൽക്കേ ഇതു ലംഘിച്ച് എക്സൈസ് ഉദ്യോഗസ്ഥർ ലൈസൻസ് നൽകിയ നടപടി അസ്ഥിരപ്പെടുത്താനാണ് എക്സൈസ് വകുപ്പ് നിയമോപദേശം തേടിയത്.

എറണാകുളം, കോട്ടയം ജില്ലകളിലെ ബിയർ പാർലറുകൾക്ക് ലൈസൻസ് അനുവദിച്ച ഡെപ്യൂട്ടി കമ്മിഷണർമാരുടെ നടപടി ശരിവച്ചുള്ള എക്സൈസ് കമ്മിഷണറുടെ റിപ്പോർട്ട് എക്സൈസ് മന്ത്രി എം. ലിജു തള്ളി. നിലവിലുണ്ടായിരുന്ന ഫയലിൽ നടപടിക്രമങ്ങൾ പാലിച്ചാണ് ഡെപ്യൂട്ടി കമ്മിഷണർമാർ നടപടി സ്വീകരിച്ചതെന്നായിരുന്നു കമ്മിഷണറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നത്.

പതിനാറുകാരൻറെ കുത്തേറ്റ് ചികിത്സയിലായിരുന്ന മുത്തച്ഛൻ മരിച്ചു

പാലക്കാട്: കാവശേരിയിൽ പതിനാറുകാരൻറെ കുത്തേറ്റു ചികിത്സയിലിരുന്ന മുത്തച്ഛൻ മരിച്ചു. വാഴക്കച്ചിറ സുലൈമാൻ(65) ആണു മരിച്ചത്. ഇക്കഴിഞ്ഞ 19നു വൈകീട്ട് ഏഴോടെ കാവശേരി വാഴക്കച്ചിറയിലെ വീട്ടിലാണ് സംഭവം.

സുലൈമാൻറെ മകളുടെ മകനാണു കുത്തിയ പതിനാറുകാരൻ. പത്തുവയസുകാരിയായ സഹോദരിയുമായി തർക്കത്തിനിടെ പ്രകോപിതനായ പതിനാറുകാരൻ സഹോദരിയെ കത്തികൊണ്ട് ആക്രമിക്കുകയും തടയാൻ ശ്രമിച്ച മുത്തച്ഛനെ കുത്തുകയുമായിരുന്നു. മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു മാറ്റി.

ഏഴ് പതിറ്റാണ്ടുകൾ അടയാളപ്പെടുത്താൻ 'ഫെസ്റ്റിവൽ ഓഫ് കേരളം 2026': മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും
ഭരണഭാഷാ പുരസ്കാരങ്ങൾ സമ്മാനിക്കും

സംസ്ഥാന രൂപീകരണത്തിന്റെ ഏഴ് പതിറ്റാണ്ടുകൾ പൂർത്തിയാകുന്നതിന്റെ ഭാഗമായി കേരള സർക്കാർ സംഘടിപ്പിക്കുന്ന 'ഫെസ്റ്റിവൽ ഓഫ് കേരളം 2026'ന്റെ സംസ്ഥാനതല ഉദ്ഘാടനം നവംബർ ഒന്ന് കേരളപ്പിറവി ദിനത്തിൽ വൈകിട്ട് നാലിന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. ബിപി പിആർ സെല്ലിന്റെ പോർട്ടലും ലോഗോയും മുഖ്യമന്ത്രി പ്രകാശനം ചെയ്യും. ഭരണഭാഷാ പുരസ്കാര വിതരണവും നടക്കും.

മന്ത്രി കെ. മുരളീധരൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സിനിമാ താരം ടൊവിനോ തോമസ് വിശിഷ്ടാതിഥിയാകും. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പ്രതിപക്ഷ നേതാവ് പിണറായി വിജയൻ, മന്ത്രിമാരായ പി സി വിഷ്ണുനാഥ്, സി പി ജോൺ, ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി അശോക്, മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർ, സാംസ്കാരിക മേഖലയിലെ വ്യക്തിത്വങ്ങൾ, കലാകാരർ, കായികതാരങ്ങൾ, പൊതുജനങ്ങൾ തുടങ്ങിയവർ പങ്കെടുക്കും.

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം, കലാപാരമ്പര്യം, കായികനേട്ടങ്ങൾ, സാമൂഹിക പുരോഗതി എന്നിവ ആഘോഷിക്കുന്നതിനും കേരളീയതയുടെ സവിശേഷതകൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനുമായാണ് ഫെസ്റ്റിവൽ ഒരുക്കുന്നത്. ഒരു വർഷം നീളുന്ന ആഘോഷ പരിപാടികളുടെ ആദ്യഘട്ടമായി ചെന്നൈ, ബെംഗളൂരു, മുംബൈ, ന്യൂഡൽഹി, കൊൽക്കത്ത നഗരങ്ങളിൽ 'ഫെസ്റ്റിവൽ കേരള'



സംഘടിപ്പിക്കുന്നുണ്ട്.

'ഗാനാഞ്ജലി : കേരളത്തിന്റെ ആത്മാവിനുള്ള സംഗീതാർച്ചന' വൈകുന്നേരം 6 മുതൽ 8 വരെ അരങ്ങേറും. മലയാളസംഗീതത്തിന്റെ ഏഴ് പതിറ്റാണ്ടുകളായുള്ള പരിണാമയാത്രയെ സംഗീതത്തിന്റെയും ദൃശ്യാവിഷ്കാരത്തിന്റെയും സമന്വയത്തിലൂടെ അവതരിപ്പിക്കുന്ന ബൃഹത്തായ കലാപരിപാടിയാണിത്. നാടൻപാട്ടുകളുടെ പാരമ്പര്യം മുതൽ മലയാള നാടക-സിനിമാ സംഗീതം, പ്രകടനകലകൾ, സമകാലിക സംഗീതാവിഷ്കാരങ്ങൾ എന്നിവയിലൂടെ കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തെയും തലമുറകളുടെ ഓർമകളെയും സംഗീതത്തിലൂടെ പുനരാവിഷ്കരിക്കും.

നാല് സർക്കാർ സംഗീത കോളേജുകളിലെ വിദ്യാർഥികളും യുവസംഗീത പ്രതിഭകളും പ്രശസ്ത പിന്നണിഗായകരും ഒരേ വേദിയിൽ അണിനിരക്കും. മലയാളസംഗീതത്തിന്റെ പൈതൃകം ആഘോഷിക്കുന്നതിനൊപ്പം വളർന്നുവരുന്ന കലാപ്രതിഭകൾക്ക് ശ്രദ്ധേയമായ വേദിയൊരുക്കുക എന്ന ലക്ഷ്യവും ഈ പരിപാടിക്കുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) കേരളയും സംയുക്തമായാണ് ഗാനാഞ്ജലി സംഘടിപ്പിക്കുന്നത്.

നർത്തകി സുമ വർമയുടെ നേതൃത്വത്തിൽ അവതരിപ്പിക്കുന്ന പ്രത്യേക ശാസ്ത്രീയ നൃത്താവിഷ്കാരം രാത്രി 8 മുതൽ 9 വരെ അരങ്ങേറും. കേരളത്തിന്റെ സമ്പന്നമായ കലാപാരമ്പര്യത്തിന്റെയും ശാസ്ത്രീയ നൃത്തകലയുടെ സൗന്ദര്യത്തിന്റെയും സവിശേഷ ആവിഷ്കാരമായിരിക്കും. കേരളീയ കലാപൈതൃകത്തിന്റെ ഭാവസമ്പന്നതയും കലാപാരമ്പര്യത്തിന്റെ മികവും വേദിയിലെത്തിക്കുന്ന ഈ അവതരണം ഫെസ്റ്റിവലിന്റെ സാംസ്കാരിക പ്രൗഢിക്ക് മാറ്റുകൂട്ടും.വിശിഷ്ട വ്യക്തിത്വങ്ങൾ, കലാകാരർ, കായികതാരങ്ങൾ, വിദ്യാർഥികൾ, സാംസ്കാരിക പ്രവർത്തകർ, പൊതുജനങ്ങൾ തുടങ്ങി വിവിധ മേഖലകളിലുള്ളവരുടെ പങ്കാളിത്തത്തോടെ നടക്കുന്ന ആഘോഷം കേരളത്തിന്റെ സാംസ്കാരിക സ്വത്വവും കൂട്ടായ്മയുടെ പൈതൃകവും വിളിച്ചോതുന്ന സംസ്ഥാനതല സംഗമമാകും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

സ്ത്രീശാക്തീകരണത്തിന് പുതിയ ദിശയൊരുക്കാൻ ദ്വിദിന വനിതാനയ സമ്മിറ്റ് നവംബർ 2 ന് തുടങ്ങും

മുഖ്യമന്ത്രി വി. ഡി. സതീശൻ ഉദ്ഘാടനം ചെയ്യും

സ്ത്രീകളുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ശാക്തീകരണം ഉറപ്പാക്കി സമത്വാധിഷ്ഠിതവും സുരക്ഷിതവുമായ പുതുയുഗ കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന 'പുതുയുഗ വനിതാ നയം - ഒഴുഞ്ഞ ടഡങ്ങകഠ 2026' ദ്വിദിന സമ്മിറ്റ് നവംബർ 2, 3 തീയതികളിൽ തിരുവനന്തപുരം അരിസ്റ്റോ ജംഗ്ഷനിലെ ഹൈസിന്ത് ഹോട്ടലിൽ നടക്കും. 'മകൾക്കൊപ്പം' പദ്ധതിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന സമ്മിറ്റ് മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും. വനിതാ ശിശു വികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ അധ്യക്ഷത വഹിക്കും. പട്ടികജാതി, പട്ടിക വർഗ, പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി കെ എ തുളസി മുഖ്യപ്രഭാഷണം നടത്തും. ഭരണപരിഷ്കാര കമ്മീഷൻ ചെയർപേഴ്സൺ ഡോ. എം കെ മുനീർ, ജെബി മേത്തർ എം.പി. എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കും. നവംബർ മൂന്ന് വൈകിട്ട് നാലിന് നടക്കുന്ന സമാപനച്ചടങ്ങിൽ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ മുഖ്യാതിഥിയാകും.

തൊഴിൽ-സാമ്പത്തിക ശാക്തീകരണവും സംരംഭകത്വവും, രാഷ്ട്രീയ പ്രാതിനിധ്യവും നേതൃത്വവും, വിദ്യാഭ്യാസം-ആരോഗ്യം-മാനസികക്ഷേമം, സ്ത്രീ സുരക്ഷയും നീതിന്യായവും, സൈബർ സുരക്ഷ എന്നിവയാണ് സമ്മിറ്റിലെ അഞ്ച് പ്രധാന ചർച്ചാവിഷയങ്ങൾ. സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം വർധിപ്പിക്കുക, തുല്യവേതനവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുക, വനിതാ സംരംഭകത്വവും ഡിജിറ്റൽ തൊഴിൽസാധ്യതകളും പ്രോത്സാഹിപ്പിക്കുക, രാഷ്ട്രീയ നേതൃത്വത്തിൽ സ്ത്രീകളുടെ പങ്കാളിത്തം ശക്തിപ്പെടുത്തുക എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകും.

സമ്മിറ്റിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്ത്രീ ശാക്തീകരണം, തൊഴിൽ പങ്കാളിത്തം, സുരക്ഷ, ആരോഗ്യം, നിയമപരമായ പരിഷ്കരണങ്ങൾ തുടങ്ങിയ മേഖലകളിൽ നയശുപാർശകൾ തയ്യാറാക്കും. ഇവ പ്രായോഗികമായി നടപ്പാക്കുന്നതിനായി ഉത്തരവാദപ്പെട്ട സ്ഥാപനങ്ങൾ, സമയപരിധികൾ, പുരോഗതി വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ എന്നിവ ഉൾപ്പെടുത്തിയ പ്രവർത്തനരേഖയും രൂപപ്പെടുത്തും. തുടർചർച്ചകളിലൂടെ നിർദേശങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി പുതുയുഗ വനിതാ നയത്തിന് അന്തിമരൂപം നൽകുകയും മാർച്ച് എട്ടിന് വനിതാ ദിനത്തിൽ പുതുയുഗ വനിതാ നയം പ്രഖ്യാപിക്കുകയും ചെയ്യുകയാണ് സർക്കാരിന്റെ ലക്ഷ്യം.



31-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ സ്വാഗതസംഘം രൂപീകരണയോഗം ഉദ്ഘാടനം ചെയ്ത് മന്ത്രി പി സി വിഷ്ണുനാഥ് സംസാരിക്കുന്നു

ഇത്തവണ ഐഎഫ്എഫ്കയ്ക്ക് കൂടുതൽ പ്രദർശനങ്ങൾ: മന്ത്രി പി.സി വിഷ്ണുനാഥ്

ആദ്യ ഷോ രാവിലെ ഏഴ് മണിക്ക് ഐഎഫ്എഫ്കെ സ്വാഗതസംഘം രൂപീകരിച്ചു

എല്ലാവർക്കും ഏറ്റവും സൗകര്യമായി സിനിമ കാണാൻ കഴിയുന്ന മേളയാകും 31ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയെന്ന് സിനിമാ, സാംസ്കാരിക, ടൂറിസം വകുപ്പ് മന്ത്രി പി.സി വിഷ്ണുനാഥ്. ഇത്തവണത്തെ മേളയിൽ രാവിലെ ഏഴ് മണിക്ക് ആദ്യ ഷോ ഒരുക്കും. രാത്രി വൈകിയും പ്രദർശനങ്ങൾ ഒരുക്കി തിരക്ക് നിയന്ത്രിക്കുമെന്നും മന്ത്രി പറഞ്ഞു. ദീർഘനേരം കാത്തുനിന്നിട്ട് സിനിമ കാണാൻ കഴിയാതെ വരുന്ന സാഹചര്യം ഒഴിവാക്കും. 31 ആമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ സ്വാഗതസംഘം രൂപീകരണയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ഉള്ളടക്കം കൊണ്ടും സംഘാടനം കൊണ്ടും ജനകീയത കൊണ്ടും വ്യത്യസ്തമാണ് എന്നും ഐഎഫ്എഫ്കെ. ചലച്ചിത്ര പ്രവർത്തകർക്കൊപ്പം സാധാരണക്കാരായ സിനിമാ ആസ്വാദകരും എത്തുന്നു എന്നതാണ് മേളയുടെ പ്രത്യേകത. മേളയുടെ ഈ ജനകീയത നിലനിർത്തുമെന്നും മന്ത്രി പറഞ്ഞു. കേരള രാജ്യാന്തര ചലച്ചിത്ര മേള തിരുവനന്തപുരത്ത് തന്നെ തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

മേളയിലെത്തുന്ന വിദേശികളെ സംസ്ഥാന ടൂറിസം വകുപ്പ് മുൻകൈ എടുത്ത് കേരളത്തിലെ പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രങ്ങളിൽ കൊണ്ടുപോകാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മാനവീയം വീഥിയിലെ സാംസ്കാരിക പരിപാടികൾക്കൊപ്പം കനകക്കുന്നിൽ ആറ് ദിവസങ്ങളിൽ അനുഷ്ഠാനകലകളുടെ അവതരണം ഉണ്ടാകും. സാംസ്കാരിക വകുപ്പും ടൂറിസം വകുപ്പും ചേർന്നാണ് ഈ പരിപാടി അവതരിപ്പിക്കുന്നത്. സാംസ്കാരിക വകുപ്പിൻറെ കീഴിലുള്ള എല്ലാ അക്കാദമികളും ഇത്തവണ മേളയുമായി സഹകരിച്ച് പരിപാടികൾ ഒരുക്കുന്നുണ്ട്.

തിരുവനന്തപുരം ഗവ. ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ എംഎൽഎമാരായ എൻ ശക്തൻ, എം വിൻസെന്റ്, വി മുരളീധരൻ, സുധീർഷാ പാലോട്, സാംസ്കാരിക വകുപ്പ് ഡയറക്ടർ ഇമ്പശേഖർ, ചലച്ചിത്ര അക്കാദമി ചെയർമാൻ രവീന്ദ്രൻ, വൈസ് ചെയർപേഴ്സൺ പ്രിയങ്കനായർ, സാംസ്കാരിക ക്ഷേമനിധി ബോർഡ് ചെയർമാൻ എം രഞ്ജിത്ത്, ലളിതാ കലാ അക്കാദമി ചെയർമാൻ പ്രകാശ് മൂർത്തി എന്നിവരെ കൂടാതെ വിവിധ ജനപ്രതിനിധികളും ചലച്ചിത്ര പ്രവർത്തകരും അക്കാദമി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ചലച്ചിത്ര സംഘടനാ പ്രതിനിധികളും സാംസ്കാരിക പ്രവർത്തകരും പങ്കെടുത്തു.

പിആർഡി ലൈവ് ആപ്പ് റിപ്പോർട്ടർ: അപേക്ഷ ക്ഷണിച്ചു

വിവര-പൊതുജനസമ്പർക്ക വകുപ്പിനു കീഴിലുള്ള പി.ആർ.ഡി ലൈവ് ആപ്പ് വാർത്താപദ്ധതിയിലേക്ക് ഒരു റിപ്പോർട്ടറെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു.യോഗ്യതകൾ: ജേണലിസത്തിൽ ഡിഗ്രി/ ഡിപ്ലോമ, ഓൺലൈൻ മീഡിയയിൽ മൂന്ന് വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം, സോഷ്യൽ മീഡിയ പ്ലാറ്റ് ഫോമുകളിൽ ഔദ്യോഗിക പരിപാടികളുടെ തത്സമയ സ്ട്രീമിങ്ങിലും അനുബന്ധ സോഫ്റ്റ്വെയറുകളിലും പരിജ്ഞാനം.

വിശദമായ ബയോഡാറ്റ സഹിതമുള്ള അപേക്ഷകൾ, യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് സഹിതം നവംബർ ആറിനകം ലഭിക്കത്തക്കവിധം ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം 695 001 വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കാം. വിശദാംശങ്ങൾ സല്യമഹമ.ഴീ.ശി വെബ്സൈറ്റിന്റെ പുതിയ വാർത്തകൾ (What's New) എന്ന സെക്ഷനിലും prd.kerala.gov.in വെബ്സൈറ്റിന്റെ അനൗൺസ്മെന്റ് സെക്ഷനിലും ലഭിക്കും.

പിന്നാക്ക വിഭാഗ കമ്മിഷൻ സിറ്റിങ്

സംസ്ഥാന പിന്നാക്ക വിഭാഗ കമ്മിഷൻ നവംബർ നാല് രാവിലെ 11 -ന് വെള്ളയമ്പലം അയ്യൻകാളി ഭവനിലുള്ള കമ്മിഷന്റെ കോർട്ട് ഹാളിൽ സിറ്റിങ് നടത്തും. സിറ്റിങ്ങിൽ എസ്ഐയുസി ചക്രവർ വിഭാഗത്തിനെ സംവരണ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യമുന്നയിച്ച് ബിഷപ്പ് എ ധർമ്മരാജ് റസാലം സമർപ്പിച്ച അപേക്ഷ, മരുത്തുവർ സമുദായത്തെ ഒഇസിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം, ബണ്ട് സമുദായത്തിനെ സംസ്ഥാന ഒബിസി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് രത്നാവതി കാസർഗോഡ് സിഎംഒ പോർട്ടലിൽ സമർപ്പിച്ച അപേക്ഷ, കന്നടിയൻ സമുദായത്തിനു ഒബിസി ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നില്ലെന്ന പരാതി, ഗോസാങ്കി, ആദി ആന്ധ്ര, നായ്ക്കർ, നായിഡു, എരുമക്കാർ എന്നീ വിഭാഗക്കാരെക്കൂടി യാദവ ജാതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം എന്നിവ പരിഗണിക്കും. സിറ്റിങ്ങിൽ കമ്മിഷൻ ചെയർമാൻ ജസ്റ്റിസ് ജി ശശിധരൻ, മെമ്പർമാരായ ഡോ. ബെന്നറ്റ് സൈലം പി, സഫിയ വി ടി, കമ്മിഷൻ മെമ്പർ സെക്രട്ടറി എന്നിവർ പങ്കെടുക്കും.

വീണ്ടും ഇരുട്ടിലേക്ക്; സംസ്ഥാനത്ത് നാളെ മുതൽ ലോഡ് ഷെഡിംഗ് സാധ്യത

തിരുവനന്തപുരം: സംസ്ഥാനം വീണ്ടും ഇരുട്ടിലേക്ക്. തത്സമയ വിപണിയിൽ നിന്ന് വൈദ്യുതി ലഭ്യമായില്ലെങ്കിൽ സംസ്ഥാനത്ത് നാളെ മുതൽ ലോഡ് ഷെഡിംഗ് സാധ്യത. ഇന്ന് മുതൽ ഹിമാചൽ പ്രദേശിൽ നിന്ന് വൈദ്യുതി കിട്ടില്ല.

എന്നാൽ ഇന്ന് അവധിയായതിൽ ഉപയോഗം കുറവായിരിക്കുന്ന കണക്കുകൂട്ടലിലാണ് കെഎസ്ഇബി. കഴിഞ്ഞ മാസം 850 മെഗാവാട്ട് വരെ വൈദ്യുതിയാണ് പീക്ക് സമയത്ത് ലഭിച്ചിരുന്നത്. ഇത് കേരളത്തിന് വലിയ ആശ്വാസമായിരുന്നു.

ഉത്തരേന്ത്യയിൽ ശൈത്യ മാസം ആരംഭിച്ചതിനാൽ വൈദ്യുതി ഉപയോഗം കുറയുമെന്നും ഉത്പാദനം കൂടുമെന്നും ആണ് പ്രതീക്ഷ.

ഹാർമറിൻറെ കെണിയിൽ കംഗാരുക്കൾ വീണു; ഓസീസിനെ തകർത്ത് ദക്ഷിണാഫ്രിക്കയ്ക്ക് പരമ്പര

കേപ്ടൗൺ: ഓസ്ട്രേലിയയ്ക്കെതിരായ ടെസ്റ്റ് പരമ്പര ദക്ഷിണാഫ്രിക്കയ്ക്ക്. ടെസ്റ്റ് ക്രിക്കറ്റിൻറെ എല്ലാ സൗന്ദര്യവും നിറഞ്ഞ മൂന്നാം പോരാട്ടത്തിൽ 176 റൺസിൻറെ തകർപ്പൻ ജയമാണ് ദക്ഷിണാഫ്രിക്ക സ്വന്തമാക്കിയത്. അഞ്ചാം ദിനം 288 റൺസ് വിജയലക്ഷ്യവുമായി രണ്ടാം ഇന്നിംഗ്സിൽ ബാറ്റിങ്ങിനിറങ്ങിയ ഓസീസ് പട വെറും 111 റൺസിന് കൂടാരം കയറി. ഇതോടെ മൂന്ന് മത്സരങ്ങളടങ്ങിയ ടെസ്റ്റ് പരമ്പര 2-1ന് ദക്ഷിണാഫ്രിക്ക സ്വന്തമാക്കി.

സ്കോർ: ദക്ഷിണാഫ്രിക്ക 329,387 ഓസ്ട്രേലിയ 429,111.സൈമൺ ഹാർമറിൻറെയും കാഗിസോ റബാഡയുടെയും തീപ്പൊരി ബൗളിങ്ങാണ് ഓസ്ട്രേലിയായുടെ പതനത്തിന് വഴിയൊരുക്കിയത്. 16 റൺസ് മാത്രം വഴങ്ങി ആറ് വിക്കറ്റുകൾ വീഴ്ത്തിയ ഹാർമർ ഓസീസ് ബാറ്റിംഗ് നിരയുടെ നട്ടെല്ല് ഒടിച്ചു. റബാഡ 39 റൺസ് വഴങ്ങി മൂന്ന് വിക്കറ്റുകളും സ്വന്തമാക്കി.

ആദ്യ ഇന്നിംഗ്സിൽ 429 റൺസ് അടിച്ചുകൂട്ടി 100 റൺസിൻറെ ലീഡ് നേടിയ ഓസ്ട്രേലിയായ്ക്ക് രണ്ടാം ഇന്നിംഗ്സിൽ ആ മികവ് ആവർത്തിക്കാനായില്ല. ദക്ഷിണാഫ്രിക്കയുടെ രണ്ടാം ഇന്നിംഗ്സ് 387 റൺസിൽ അവസാനിച്ചതോടെ 288 റൺസിൻറെ വിജയലക്ഷ്യവുമായി ഇറങ്ങിയ ഓസീസ് ബാറ്റർമാർ ദക്ഷിണാഫ്രിക്കൻ ബൗളർമാർക്ക് മുന്നിൽ തകർന്നടിയുകയായിരുന്നു.

മുൻ നിയമസഭാംഗങ്ങളുടെയും ജീവനക്കാരുടെയും സ്നേഹസംഗമം

കേരളപ്പിറവിയുടെ എഴുപതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കേരള നിയമസഭ മുൻ നിയമസഭാംഗങ്ങളുടെയും മുൻ നിയമസഭാ സെക്രട്ടറിമാരുടെയും ജീവനക്കാരുടെയും സ്നേഹസംഗമം നവംബർ ഒന്നിന് സംഘടിപ്പിക്കും. രാവിലെ 10ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കുന്ന ചടങ്ങ് മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ അധ്യക്ഷനാകും. മുൻ സ്പീക്കർ വി.എം സുധീരൻ മുഖ്യപ്രഭാഷണം നടത്തും. മുൻ സ്പീക്കർമാർ, മുൻ ഡെപ്യൂട്ടി സ്പീക്കർമാർ, ദേശീയ അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുത്ത് മെഡലുകൾ നേടിയ മുൻ നിയമസഭാംഗം എം.ജെ. ജേക്കബ്, മുൻ നിയമസഭാ സെക്രട്ടറിമാർ, മുതിർന്ന മാധ്യമ പ്രവർത്തകർ എന്നിവരെ ആദരിക്കും. ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ സ്വാഗതവും സെക്രട്ടറി ഇൻ ചാർജ് ഷാജി സി. ബേബി നന്ദിയും രേഖപ്പെടുത്തും. സ്പീക്കറും മുൻ സ്പീക്കർമാരും സഭയിലെ അനുഭവങ്ങൾ പങ്കുവയ്ക്കും. നിയമസഭാ ജീവനക്കാരുടെ കലാപരിപാടികളും 'കേരളം ഏഴു പതിറ്റാണ്ടുകളുടെ ജനാധിപത്യയാത്ര' ലഘുവീഡിയോ പ്രദർശനവും നടക്കും.

സിനഗോഗ് ആക്രമണം: എൻഐഎ അന്വേഷണം ആരംഭിച്ചു

കൊച്ചി: എറണാകുളം മാർക്കറ്റിലെ ജൂത ആരാധനാലയമായ കടവുഭാഗം സിനഗോഗിന് നേർക്കുണ്ടായ ആക്രമണത്തിൽ പ്രതി എബിൻ ബി. പോളിന് പിന്നിലെ ബോസ് ആരാണെന്ന് കണ്ടെത്തനാവാതെ പൊലിസ്. ടെലിഗ്രാം ചാനലിൽ തീയിട്ടതിന്റെ ചിത്രങ്ങൾ പങ്കുവച്ചതും പിന്നാലെ പ്രതിയുടെ അക്കൗണ്ടിലേക്ക് 2,000 യുഎസ് ഡോളർ എത്തിയതായും പൊലിസ് കണ്ടെത്തിയിരുന്നു.

എന്നാൽ ബോസ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന എബിന്റെ തലവനെ തിരിച്ചറിയാൻ പൊലിസിന് ഇതുവരെ സാധിച്ചിട്ടില്ല. കുറ്റകൃത്യത്തിനു പിന്നിൽ ഒരാൾ മാത്രമല്ല ഉള്ളതെന്നും എബിൻ പോളിനു വിവിധ ജോലികൾ ചെയ്യാൻ നിർദേശം ലഭിച്ചിരുന്നതായും അന്വേഷണത്തിൽ വ്യക്തമായിരുന്നു. തീവയ്പ് നടത്തുന്നതിനായി ഇയാൾക്ക് ക്രിപ്റ്റോ കറൻസി ലഭിച്ചിരുന്നതായും കണ്ടെത്തി.

കേസിൻറെ അന്വേഷണം ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) ഏറ്റെടുത്തിട്ടുണ്ട്. സിനഗോഗിൻറെ വളപ്പിലുള്ള ഹോർട്ടികൾച്ചർ നഴ്സറിയിലുണ്ടായ തീപിടിത്തത്തെ കുറിച്ചാണ് എൻഐഎ അന്വേഷിക്കുക. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ അനുമതി ലഭിച്ചതിനെ തുടർന്ന് ചൊവ്വാഴ്ച കേന്ദ്ര ഏജൻസി കേസ് വീണ്ടും രജിസ്റ്റർ ചെയ്യുകയും അന്വേഷണം ആരംഭിക്കുകയും ചെയ്തു.

തീയിട്ടതായി ആരോപിക്കപ്പെടുന്ന എബിൻ പോളിനെതിരെ കൊച്ചി സിറ്റി പൊലിസ് യുഎപിഎ ചുമത്തിയിരുന്നു. ഭീകരപ്രവർത്തനം നടത്തൽ, ഗൂഢാലോചന എന്നീ കുറ്റങ്ങൾക്ക് യുഎപിഎയിലെ 15,18 വകുപ്പുകളാണ് പൊലിസ് ചുമത്തിയിരുന്നത്. കുറ്റകൃത്യത്തിനു പിന്നിൽ വലിയൊരു ഗൂഢാലോചന നടന്നിട്ടുണ്ടെന്നാണ് എൻഐഎയുടെ സംശയം.

അതേസമയം, മൂവാറ്റുപുഴയിലെ യൂസ്ഡ് കാർ ഷോറൂമിന് അടഞ്ഞു കിടന്ന വീടും ആക്രമിക്കുകയും തീയിട്ട ശേഷം അതിന്റെ ചിത്രങ്ങൾ ടെലഗ്രാം ചാനലിന് അയച്ചു നൽകുകയും ചെയ്തു. ഇതെല്ലാം ട്രയൽ റൺ മാത്രമാണെന്നാണ് അന്വേഷണ സംഘത്തിൻറെ വിലയിരുത്തൽ.എബിൻറെ മനസിനെ പരുവപ്പെടുത്തി, വലിയ ആക്രമണങ്ങൾക്കു വേണ്ടി എബിനെ പരിശീലിപ്പിക്കുകയായിരുന്നുവെന്ന് പൊലിസ് വിലയിരുത്തുന്നത്. പിടിക്കപ്പെടാതെ ശ്രദ്ധിക്കണമെന്നും എബിന് നിർദേശം ലഭിച്ചിരുന്നു. പ്രതിയിൽ നിന്നും പിടിച്ചെടുത്ത ഡിജിറ്റൽ ഉപകരണങ്ങളുടെ ഫൊറൻസിക് പരിശോധന നടക്കുകയാണ്.

